പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2168 — 01.02.2018 -ൽ മറുപടിക്ക്.

## റേഷൻ വെൽഫെയർ വിഹിതം

| ചോദ്യം<br>**ശ്രീമതി. ഇ.എസ്.ബിജിമോൾ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കേന്ദ്രം അനുവദിച്ചിരുന്ന റേഷൻ വെൽഫെയർ വിഹിതം ഇപ്പോൾ ലഭിക്കുന്നുണ്ടോ ; | (എ) നടപ്പ് സാമ്പത്തിക വർഷത്തിലെ ഒന്നാം പകുതിയിലെ വിഹിതമായി 2017 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലേക്ക് വിതരണം ചെയ്യുന്നതിനായി പ്രതിമാസം 148.55 മെട്രിക് ടൺ അരിയും 63.67 മെട്രിക് ടൺ ഗോതമ്പ് എന്നിവ കേന്ദ്രം വെൽഫെയർ വിഹിതമായി അനുവദിച്ചിരുന്നു. |
| (ബി) അനാഥാലയങ്ങൾക്ക് നൽകി വന്നിരുന്ന റേഷൻ വിഹിതം കഴിഞ്ഞ ചില മാസങ്ങളിൽ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) കടുത്ത പ്രതിസന്ധിയിലായ അനാഥാലയങ്ങൾക്ക് റേഷൻ വിഹിതം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) നടപ്പ് സാമ്പത്തിക വർഷത്തിലെ രണ്ടാം പകുതിയിലെ വിഹിതമായി 2017 ഒക്ടോബർ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിലേക്ക് വിതരണം ചെയ്യുന്നതിനായി ഭക്ഷ്യധാന്യങ്ങൾ കേന്ദ്രം അനുവദിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മുൻഗണനാ/എ.എ.വൈ സ്കീമുകളിൽ നീക്കിയിരിപ്പുള്ള സ്റ്റോക്കിൽ നിന്ന് ക്ഷേമ സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണം നടത്താൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ